**ജില്ലാദുരന്തനിവാരണഅതോറിറ്റി ചെയർമാൻ & കോഴിക്കോട് ജില്ലാകളക്ടറുടെ നടപടിക്രമം.**

*(ഹാജർ : എ ഗീത ഐ എ എസ്)*

***

വിഷയം :നിപ വൈറസ് രോഗം– വിദ്യാഭ്യാസസ്ഥാപനങ്ങളിലെ അധ്യയനം ഓൺ ലൈൻ മോഡിലേക്ക് മാറ്റുന്നത് –ഉത്തരവ് –സംബന്ധിച്ച്–

സൂചന :1) ബഹു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ 15–09–2023 ലെ യോഗ തീരുമാനം.

2) 16/09/2023 തിയ്യതിയിലെ DCKKD/9827/2023–F4 നം ഉത്തരവ്

************************************************************************

**ഉത്തരവ് നമ്പർ : DCKKD/98272023/F4 (3)തിയ്യതി : 16/09/2023**

************************************************************************

കോഴിക്കോട് ജില്ലയിൽ വിവിധ സ്ഥലങ്ങളിൽ നിപവൈറസ് ബാധ സ്ഥിരീകരിക്കുകയും, രണ്ടു പേർ ഇതിനകം തന്നെ രോഗം ബാധിച്ച മരിക്കുകയും ചെയ്ത സാഹചര്യത്തിൽ ജില്ലയിൽ അതീവ ജാഗ്രത പാലിക്കേണ്ടതുണ്ട്. ആയിരത്തിലേറെ പേർ ഇതിനകം നിരീക്ഷണത്തിലുമാണ്. ജില്ലയിലെ പലസ്ഥലങ്ങളും കണ്ടൈൻമെൻറ് സോണിലാണ്. കർശനമായ നിയന്ത്രണങ്ങളാണ് ഈ കണ്ടൈൻമെന്റ് സോണിൽ ഏർപ്പെടുത്തിയിരിക്കുന്നത്.

ഈ സാഹചര്യത്തിലാണ് കഴിഞ്ഞ ദിവസങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നല്കിയിരുന്നത് .

എന്നാൽ തുടർച്ചയായ അവധി വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കൂടാതെ അവധിദിവസങ്ങളിൽ കുട്ടികൾ വീടിനു പുറത്തുപോയി ആപത്തുകളിൽപെടാതിരിക്കാനും ശ്രദ്ധിക്കേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് സൂചന ഉത്തരവ് പ്രകാരം ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യയനം ഓൺലൈൻ മോഡിലേക്ക് മാറ്റി ഉത്തരവായത്. എന്നാൽ 'ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ ' എന്ന പരാമർശം തെറ്റായി വ്യാഖ്യാനിക്കപ്പെടാൻ ഇടയായത് ജനങ്ങളിൽ ഭീതി പരത്താൻ കാരണമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ പറഞ്ഞ ഉത്തരവ് താഴെ പറയും പ്രകാരം ഭേതഗതി വരുത്തുന്നു.

സപ്തംബർ 18 മുതൽ 23/09/23 വരെ ജില്ലയിലെ ട്യൂഷൻ സെന്ററുകൾ, കോച്ചിങ് സെന്ററുകൾ എന്നിവ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാനങ്ങളിലും ക്ലാസുകൾ ഓൺലൈൻ സംവിധാനത്തിൽ നടത്തേണ്ടതാണ്.

മറ്റ് നിർദ്ദേശങ്ങളിൽ മാറ്റമില്ലാതെ തുടരും.

ജില്ലാദുരന്തനിവാരണഅതോറിറ്റി ചെയർമാൻ & ജില്ലാ കളക്ടർ

പകർപ്പ : 1. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എജ്യുക്കേഷൻ, കോഴിക്കോട്

2. ഡെപ്യൂട്ടി ഡയറക്ടർ, കൊളീജിയേറ്റ് എജ്യുക്കേഷൻ, കോഴിക്കോട്

3.റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കണ്ടറി എജ്യുക്കേഷൻ, കോഴിക്കോട്

4. ജില്ലാ പോലീസ് മേധാവി (സിറ്റി/ റൂറൽ)

4. എല്ലാ വിദ്യാഭ്യാസ സ്ഥാപന മേധാവികൾക്കും

5. I & PRD